ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ എല്ലാവിധ സമ്മർദ്ദവും ചെലുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

9. പുതിയ ഭരണസമിതി അധികാരമേറ്റെടുക്കുന്നതിന് മുമ്പ് പുണ്യാഹം നടത്തിയ സംഭവം

ശ്രീ. എൻ. രാജൻ: സർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ ഒക്ടോബർ മാസം 23, 25 എന്നീ തീയതികളിലാണ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്തിലെ ശ്രീ. ചുള്ളാലം രാജൻ ബി.ജെ.പി.യുടെ പിന്തുണയോടുകൂടി പഞ്ചായത്ത് പ്രസിഡന്റായും പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിൽ ഒരു സ്വതന്ത്രന്റെ പിന്തുണയോടുകൂടി ശ്രീ. സജി മാരൂർ പഞ്ചായത്ത് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. നവംബർ മാസം ഒന്നാം തീയതി സത്യപ്രതിജ്ഞാ ചടങ്ങ് നടന്നു. ഈ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഈ രണ്ട് പഞ്ചായത്തുകളിലും പഞ്ചായത്തു പ്രസിഡന്റുമാരായിരുന്നത് പട്ടികജാതി വനിതയും പട്ടികജാതി പുരുഷനുമായിരുന്നു. പട്ടികജാതി വനിത ഇരുന്ന പുല്ലമ്പാറ പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കഴുകി വൃത്തിയാക്കി ചാണകം മെഴുകി ശുദ്ധമാക്കിയിട്ടാണ് പഞ്ചായത്ത് പ്രസിഡന്റും അനുയായികളും ആ പഞ്ചായത്ത് ഓഫീസിൽ കയറിയത്. അതുപോലെ (ബഹളം)..ഞാൻ രാഷ്ട്രീയമൊന്നും പറഞ്ഞില്ല. അങ്ങയുടെ സ്ഥലത്ത് അടൂർ ഏനാദിമംഗലം പഞ്ചായത്തിൽ (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതെല്ലാം എഴുതിതന്നിട്ട് പറയുന്നതല്ലേ. ഇങ്ങനെ പറഞ്ഞാലോ?

ശ്രീ. എൻ. രാജൻ: പത്തനംതിട്ട ജില്ലയിൽ ഏനാദിമംഗലം പഞ്ചായത്തിൽ ശ്രീ.അടൂർ പ്രകാശിന്റെ സ്ഥലത്ത് കഴിഞ്ഞ രണ്ടു തവണയും പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നത് പട്ടികജാതി വനിതയും പുരുഷനുമായിരുന്നു. ഈ പത്ത് വർഷവും പഞ്ചായത്താഫീസും പരിസരവും അശുദ്ധമാക്കിയെന്ന് പറഞ്ഞ് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെയും പോലീസുകാരുടെയും തദ്ദേശീയരുടെ സാന്നിദ്ധ്യത്തിൽ ചാണകവെള്ളം കലക്കിയൊഴിക്കുകയും തൊട്ടടുത്ത ക്ഷേത്രത്തിൽ പോയി പുണ്യാഹം കൊണ്ടുവന്ന് തളിക്കുകയും ചെയ്തു. അതാണ് ഏനാദിമംഗലം പഞ്ചായത്തിൽ നടത്തിയത്. നമ്മുടെ ജനാധിപത്യത്തിൽ .....(ബഹളം).....പഞ്ചായത്തംഗം മുതൽ പഞ്ചായത്ത് പ്രസിഡന്റുവരെയുള്ള ജനാധിപത്യ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. അവിടെയൊക്കെ നാളെ ഇത് സംഭവിച്ചുകൂടന്നില്ല. അതുകൊണ്ട് മുളയിലേ ഇത് നുള്ളിക്കളയണം. ഇത് വലിയൊരു ക്രിമിനൽ കുറ്റമാണ്. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമമനുസരിച്ച് ഒരു പട്ടികജാതിക്കാരനെ സമൂഹമധ്യത്തിൽ വച്ച് ആക്ഷേപിച്ചാൽ വളരെ ഗുരുതരമായ കുറ്റമാണ്. അതുംകൂടി ഈ ഗവൺമെന്റ് ആലോചിക്കണം. ഈ രണ്ട് പഞ്ചായത്തുകളിലും നടന്ന കാര്യങ്ങളെക്കുറിച്ച് ശക്തമായ രീതിയിൽ അന്വേഷണം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതേ വിഷയം തന്നെയാണ് സർവ്വശ്രീ. രാജു എബ്രഹാം,. ബി. രാഘവൻ എന്നിവർ എഴുതി തന്നിട്ടുള്ളത്. ശ്രീ. രാജു എബ്രഹാമിന് ഉന്നയിക്കാം.

10. ഏനാദിമംഗലം പഞ്ചായത്ത് ഓഫീസർ പുണ്യാഹം നടത്തിയ സംഭവം

ശ്രീ. രാജു എബ്രഹാം : സർ, എന്റെ ജില്ലയിൽ ഏനാദിമംഗലം പഞ്ചായത്തിൽ നടന്ന ഈ അയിത്താചരണം ജില്ലയെ സംബന്ധിച്ച് മാത്രമല്ല, കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു കറുത്ത, ഇരുണ്ട ദിനമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഇവിടെ ശ്രീ. എൻ. രാജൻ ഉന്നയിച്ചിട്ടുള്ള പ്രശ്നം, പുണ്യാഹം തളിക്കാനിടയായ സാഹചര്യം അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി സരസമ്മ കുട്ടപ്പനും ശ്രീ. പി.കെ. നാരായണനും ദളിത് വിഭാഗത്തിൽപ്പെടുന്ന ആളുകളായിരുന്നു. എട്ടാം തീയതി പ്രസിഡന്റ് അധികാരം ഏറ്റെടുത്ത ശേഷം അവിടത്തെ എല്ലാ മെമ്പർമാരുടെയും മുൻ പ്രസിഡന്റ് ശ്രീ. പി. കെ. നാരായണന്റേയും സാന്നിദ്ധ്യത്തിൽ വട്ടക്കാവ എന്ന കവലയിൽ പോയി അവിടെനിന്നും പുണ്യാഹവുമായി വരികയും രണ്ട് ദളിത് പ്രസിഡന്റുമാരുമിരുന്ന കസേരയിലും മേശയിലും പുണ്യാഹം തളിച്ച്, അവർ ഉപയോഗിച്ച കുളിമുറിയിൽ വരെ പുണ്യാഹം തളിച്ചിട്ടാണ് അവർ മടങ്ങിപ്പോയത്. ഒൻപതാം തീയതി ഇവർ വീണ്ടും വരികയും എല്ലാ മെമ്പർമാരുടെയും സാന്നിദ്ധ്യത്തിൽ പഞ്ചായത്തുസെക്രട്ടറിയോട് ഈ കസേരയും മേശയും മാറ്റണമെന്ന് ആവശ്യപ്പെട്ടു. പ്രസിഡന്റിന്റെ മുറിയിൽ അദ്ദേഹം കയറിയില്ല. പത്താം തീയതിയും അദ്ദേഹം വന്നു. ഈ കസേരയും മേശയുമിരുന്ന മുറിയിൽ കയറിയില്ല. ഒടുവിൽ പത്താം തീയതി വൈകുന്നേരം സെക്രട്ടറി ഈ കസേരയും മേശയും മാറ്റിയശേഷം മാത്രമാണ് പിന്നീട് പതിനൊന്നാം തീയതി ഈ പ്രസിഡന്റ് പുതിയ മേശയിലും കസേരയിലും കൈവച്ചത്. ഇത് വളരെ ദയനീയമാണ്. ഇത്തരം പൈശാചികമായിട്ടുള്ള, ഇത്രയും നാണംകെട്ട, നമ്മുടെ കേരള സംസ്ക്കാരത്തിന് ഏറ്റവും മുറിവേൽപ്പിച്ചിരിക്കുന്ന ഈ സംഭവത്തിൽ ഇതിന്റെ പഞ്ചായത്ത് പ്രസിഡന്റ് കോൺഗ്രസ്സ് പാർട്ടിയുടെ മണ്ഡലം പ്രസിഡന്റായ ശ്രീ. സജി മാരൂർ ആ പ്രസിഡന്റിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല ഒരന്വേഷണവും നടത്തിയിട്ടില്ല. അദ്ദേഹത്തിനെതിരെ എഫ്. ഐ.ആർ. എടുത്ത് തുറുങ്കിലടയ്ക്കണം. ഇത്തരത്തിലുള്ള പട്ടികജാതി പീഡനത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : .....(ബഹളം)...സർ, സാംസ്ക്കാരിക കേരളത്തിന് അപമാനകരമായിട്ടുള്ള ഒരു സംഭവമാണ് നമ്മൾ കേട്ടത്. തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലും പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലും ഭരണമാറ്റത്തെത്തുടർന്ന് .....(ബഹളം).....ഭരണം മാറിയാൽ ചാണകവെള്ളതളിക്കലാണോ.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly